ലോകപരിസ്ഥിതി ദിനമായ ജൂൺ 5 ന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ക്യാമ്പസിൽ ഫലവർഗ പച്ചത്തുരുത്തിന് തുടക്കമായി.

ടൈറ്റാനിയം ക്യാമ്പസിലെ 2 ഏക്കർ സ്ഥലത്ത് ഒരുക്കുന്ന ഫലവർഗ പച്ചത്തുരുത്ത് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ സീമ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ക്യാമ്പസിലെ പ്രകൃതി സൗഹൃദ പ്രവർത്തനങ്ങൾ എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും മാതൃകയാണെന്ന് ഡോ.ടി.എൻ.സീമ പറഞ്ഞു. ടൈറ്റാനിയം ക്യാമ്പസ് ഏറ്റെടുത്തിരിക്കുന്ന പച്ചക്കറി കൃഷി, മത്സ്യകൃഷി, ഡ്രാഗൺ ഫ്രൂട്ട് കൃഷി, കശുമാവിൻ തോട്ടം, പഴവർഗ്ഗ പച്ചത്തുരുത്ത്, ജൈവവൈവിധ്യ പച്ചത്തുരുത്ത് തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വഴികാട്ടിയാണ്.

2016 ൽ പരിസ്ഥിതി പുനസ്ഥാപനത്തിന് കേരളത്തിൽ ഹരിതകേരളം മിഷൻ എന്ന പേരിൽ ഒരു മിഷൻ സ്ഥാപിച്ചത് സവിശേഷമായ കാര്യമാണ്. ഇന്ത്യയിൽ ആകെ ഒരു സംസ്ഥാനത്ത് മാത്രമാണ് പരിസ്ഥിതി സംരക്ഷണത്തിന് മാത്രമായി ഒരു മിഷനുള്ളത്. 2050 ആകുമ്പോൾ കേരളത്തെ നെറ്റ് സീറോ കാർബൺ എമിഷൻ അവസ്ഥയില്ലുള്ള സംസ്ഥാനമാക്കി മാറ്റുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. ഹരിതകേരളം മിഷൻ 91 ഗ്രാമപഞ്ചായത്തുകളിലും ഒരു നഗരസഭയിലും നെറ്റ് സീറോ കാർബൺ സംബന്ധിച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. ഇതിൽ പച്ചത്തുരുത്തുകൾക്ക് സുപ്രധാന പങ്കാണുള്ളത്. കൂടുതൽ മേഖലകളിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും കാമ്പയിൻ എത്തിക്കുകയാണ് മിഷന്റെ ലക്ഷ്യമെന്നും ടി.എൻ സീമ പറഞ്ഞു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജോർജ്ജി നൈനാൻ പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു. വെട്ടുകാട് വാർഡ് കൗൺസിലർ ക്ലൈനസ് റൊസാരിയോ,ജനറൽ മാനേജർ പ്രഭാകരൻ എം.കെ, വിനോദ് ആർ, പി.ആർ.ഒ സതീഷ് എ.കെ എന്നിവർ സംസാരിച്ചു.

നവകേരളം കർമ പദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി.സുധാകരൻ പരിസ്ഥിതിദിന പ്രതിജ്ഞ ചൊല്ലി. പച്ചത്തുരുത്ത് ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തവർക്കായി ടി.ടി.പി.എൽ ന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിന ചോദ്യോത്തര മത്സരം സംഘടിപ്പിക്കുകയും വിജയികളായവർക്ക് വൃക്ഷതൈകൾ സമ്മാനിക്കുകയും ചെയ്തു.